(സി) എന്നു മുതൽ വട്ടമെത്തിയ ചിട്ടികളുടെ ഡെപ്പോസിറ്റ് തുക ഇതിൽ ഉൾപ്പെടുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) വട്ടമെത്തിയ ചിട്ടികളുടെ കണക്ക് ഓഡിറ്റ് ചെയ്ത് ചിട്ടി രജിസ്ട്രാർക്ക് സമർപ്പിച്ച് അവയുടെ ഡെപ്പോസിറ്റ് തുക റിലീസ് ചെയ്യിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ചിട്ടി നടത്തുന്നതിനുവേണ്ടി 30-6-2003-ലെ കണക്കനുസരിച്ച് കെ.എസ്.എഫ്.ഇ. 192.29 കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തീയതിയിൽ വട്ടമെത്തിയ ചിട്ടികളുടെ മാത്രം ഡെപ്പോസിറ്റ് തുക 57.51 കോടി രൂപയാണ്.

(സി) 1987 മുതൽ വട്ടമെത്തിയ ചിട്ടികളുടെ ഡെപ്പോസിറ്റ് തുക ഇതിൽപ്പെടുന്നു.

(ഡി) രജിസ്ട്രാർ ഓഫീസിലെയും ഗസറ്റ് നോട്ടിഫിക്കേഷനുവേണ്ടിയുള്ള നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിലെ കാലതാമസവും മൂലമാണ് ഡെപ്പോസിറ്റ് തുക റിലീസ് ചെയ്യാൻ വൈകുന്നത്. ഇത് ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

മുടക്കുന്ന തവണകൾക്ക് പലിശ ഈടാക്കുന്ന നടപടി നിർത്തലാക്കാൻ നടപടി

23 [5477] ശ്രീ. കെ. എ. ചന്ദ്രൻ:
,, കെ. മോഹൻകുമാർ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. ഒഴിച്ച് സംസ്ഥാനത്ത് ചിട്ടി നടത്തുന്ന സ്വകാര്യ വ്യക്തികളെയോ കമ്പനികളെയോ സംബന്ധിച്ചിടത്തോളം ചിട്ടി പിടിക്കാത്ത ചിറ്റാളന്മാർ ചിട്ടി തവണ മുടക്കുന്നപക്ഷം മുടക്കിയ തവണകൾക്ക് പലിശ ഈടാക്കാറുണ്ടോ;

(ബി) അപ്രകാരമുള്ള തവണകൾക്ക് അവർ വീതപലിശ നൽകാറുണ്ടോ; കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികളെ സംബന്ധിക്കുന്നിടത്തോളം ചിട്ടി പിടിക്കാത്ത ചിറ്റാളൻ ചിട്ടി തവണ മുടക്കുന്നപക്ഷം മുടക്കിയ തവണകൾക്ക് പലിശ ഈടാക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനമെന്ന് പറയുമോ;

(ഡി) അപ്രകാരമുള്ള തവണകൾക്ക് കെ.എസ്.എഫ്.ഇ. വീതപലിശ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പിടിക്കാത്ത മുടക്കു ചിട്ടികളുടെ തവണകൾക്ക് പലിശ ഈടാക്കുന്നതും വീത പലിശ നൽകാതിരിക്കുന്നതും സംബന്ധിച്ച ചിട്ടീസ് ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥ എന്തെന്ന് പറയുമോ;

(എഫ്) പിടിക്കാത്ത ചിട്ടിയെ സംബന്ധിക്കുന്നിടത്തോളം മുടക്കിയ ചിട്ടി തവണ കൾക്ക് സ്വകാര്യ ചിട്ടി സ്ഥാപനങ്ങൾ പലിശ ഈടാക്കാതിരിക്കുകയും വീതപലിശ നൽകുകയും ചെയ്യുമ്പോൾ കെ.എസ്.എഫ്.ഇ. ഇതേ ആനുകൂല്യം നൽകാത്തത് എന്തു കൊണ്ടാണെന്ന് പറയുമോ;

(ജി) ചിട്ടി പിടിക്കുന്ന ചിറ്റാളന്മാർ മുടക്കുന്ന തവണകൾക്ക് പലിശ ഈടാക്കുന്നതും വീതപലിശ നൽകാത്തതുമായ നടപടി ഉടനെ നിർത്തലാക്കുന്ന കാര്യം പരിഗണിക്കുമോ;

(എച്ച്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് പറയുമോ?

ഉത്തരം

(എ) വര്യോല വ്യവസ്ഥയനുസരിച്ച് പലിശ ഈടാക്കുന്നുണ്ട്.

(ബി) വര്യോല വ്യവസ്ഥയനുസരിച്ച് വീതപലിശയ്ക്ക് അർഹതയുണ്ട്. മുടക്കിയ തവണകൾക്ക് കെ.എസ്.എഫ്.ഇ. പലിശ ഈടാക്കുന്നുണ്ട്.

(സി) 9 ശതമാനം.

(ഡി) വീതപലിശ നൽകുന്നുണ്ട്.

(ഇ) കേരള ചിട്ടീസ് ആക്ടിലെ സെക്ഷൻ 24 (1) പ്രകാരം ചിട്ടി പിടിക്കാത്ത മുടക്ക ചിറ്റാളന് ഒരു മാസത്തിനുള്ളിൽ മുൻപൻ രേഖാമൂലം വര്യോല വ്യവസ്ഥാനുസരണം നോട്ടീസ് നൽകി വിവരം അറിയിക്കേണ്ടതാണ്. നോട്ടീസ് കൈപ്പറ്റി ഒരാഴ്ചയ്ക്കകം 9% പലിശ സഹിതം കുടിശ്ശിക തവണ അടയ്ക്കുന്ന പക്ഷം വര്യോലയിൽനിന്നും മുടക്ക ചിറ്റാളന്റെ പേര് നീക്കം ചെയ്യുന്നതല്ല.

(എഫ്) സ്വകാര്യ സ്ഥാപനങ്ങൾ, വര്യോല വ്യവസ്ഥയനുസരിച്ചാണ് പലിശ ഈടാക്കുന്ന നടപടി സ്വീകരിക്കുന്നത്. മുടക്കം വരുത്താത്ത ചിറ്റാളന്മാർക്ക് തുക നഷ്ട പ്പെടാതെ സുരക്ഷിതമാക്കുന്നതിന്റെ ഉറപ്പിനുവേണ്ടിയാണ് കെ.എസ്.എഫ്.ഇ. ഇങ്ങനെ ചെയ്യുന്നത്.

(ജി, എച്ച്) ചിട്ടി പിടിക്കുന്ന മുടക്ക ചിറ്റാളന്മാർ മുടക്കുന്ന തവണകൾക്ക് പലിശ ഈടാക്കുന്നതും വീതപലിശ നൽകുന്നതും വര്യോല വ്യവസ്ഥാനുസരണമാണ്. കെ.എസ്.എഫ്.ഇ.-ക്ക് മുടക്ക തവണകൾക്ക് 14% നിരക്കിൽ പലിശ ഈടാക്കാൻ വ്യവസ്ഥയുണ്ട്. ടി നടപടി നിർത്തലാക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly